# കേരള സർവകലാശാല

നം.പി.ആർ.185/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സെനറ്റ് യോഗം നവംബർ അഞ്ചിന്

കേരള സർവകലാശാല ഒക്ടോബർ 28-ന് നടത്താനിരുന്ന സെനറ്റ് യോഗം നവംബർ അഞ്ച് രാവിലെ 8.30 മുതൽ പാളയം സെനറ്റ് ചേംബറിൽ നടത്തും.

### മരിയൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് സ്വാശ്രയ കോളേജ് 2016-17 പ്രവേശനം

കേരള സർവകലാശാലയുടെ കീഴിൽ പുതുതായി അനുവദിച്ചിട്ടുള്ള മേനംകുളം മരിയൻ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ (സ്വാശ്രയ കോളേജ്) ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ (2016-17) മെരിറ്റ് ക്വോട്ട, സംവരണ വിഭാഗം എന്നിവർക്കുള്ള പ്രവേശനം ഒക്ടോബർ ആറിന് കോളേജിൽ വച്ച് സർവകലാശാല നേരിട്ട് നടത്തും. താൽപര്യമുള്ളവർ രാവിലെ ഒമ്പതിനും പതിനൊന്ന് മണിക്കും ഇടയ്ക്ക് കോളേജിൽ ഹാജരാകണം. ഓൺലൈൻ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ അഭാവത്തിൽ മറ്റുള്ളവരെ പരിഗണിക്കും. ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ, ബി.കോം ഇലക്ടീവ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.ബി.എ എന്നീ കോഴ്സുകളിലേക്കാണ് പ്രവേശനം നടത്തുക. എല്ലാ അസ്സൽ രേഖകളും അഡ്മിഷൻ സമയത്ത് ഹാജരാക്കണം. രേഖകൾ ഹാജരാക്കാൻ പ്രത്യേകം സമയം അനുവദിക്കുന്നതല്ല. പ്രവേശനം ലഭിക്കുന്നവർ സർവകലാശാല ഫീസ് (ജനറൽ വിഭാഗം 1370/- രൂപ, എസ്.സി/എസ്.ടി വിഭാഗങ്ങൾ 685 രൂപ) ഉൾപ്പെടെയുള്ള ഫീസ് അടയ്ക്കണം. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തവർ പ്രിന്റ് ഔട്ടിന്റെ പകർപ്പ് കൊണ്ട് വരണം.

### ക്വിസ്

കേരള സർവകലാശാല കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ സയൻസ്/എൻജിനീയറിംഗ് ബിരുദ വിദ്യാർത്ഥികൾക്കായി രസതന്ത്ര 2016 എന്ന ക്വിസും ബഹിരാകാശ വാരാചരണവും ഒക്ടോബർ അഞ്ചിന് കാര്യവട്ടം കെമിസ്ട്രി പഠനവകുപ്പിൽ നടത്തും. ഫോൺ. 9895989162, 9633272411.

### എം.സി.എ ടൈംടേബിൾ

കേരള സർവകലാശാല ഒക്ടോബർ 18-ന് തുടങ്ങുന്ന അഞ്ചാം സെമസ്റ്റർ എം.സി.എ (2011 സ്കീം - സ്പെഷ്യൽ സപ്ലിമെന്ററി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### റിസർച്ച് അസിസ്റ്റന്റ് : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ യു.ജി.സി സഹായത്തോടെ ആട്ടോബയോഗ്രഫീസ് ഇൻ മലയാളം : റൈറ്റിംഗ് ലൈവ്സ്, റൈറ്റിംഗ് ഹിസ്റ്ററി എന്ന റിസർച്ച് പ്രോജക്ടിലേക്ക് റിസർച്ച് അസിസ്റ്റന്റ്

നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ഇംഗ്ലീഷ് സാഹിത്യത്തിൽ ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദവും മലയാളം ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവും. പ്രതിമാസം 15,000/- രൂപ. അപേക്ഷകൾ അനുബന്ധ സർട്ടിഫിക്കറ്റുകൾ സഹിതം പ്രൊഫസർ & ഹെഡ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം 695 034 എന്ന വിലാസത്തിൽ ഒക്ടോബർ 17-നകം ലഭിക്കണം. ഇന്റർവ്യൂ ഒക്ടോബർ 19 ഉച്ചയ്ക്ക് രണ്ട് മണിക്ക് നടത്തും.

## ബി.ബി.എ മാർക്ക്ലിസ്റ്റ്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂണിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ ഒക്ടോബർ ആറ്, ഏഴ് തീയതികളിൽ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നിന്നും ഹാൾടിക്കറ്റ് ഹാജരാക്കി കൈപ്പറ്റണം.

## യോഗ തെറാപ്പി ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ജൂണിൽ നടത്തിയ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ യോഗ തെറാപ്പി കോഴ്സിന്റെ ഫലം പ്രസിദ്ധീകരിച്ചു. സീമ മുരളി (രജി.നം 10439) ഒന്നാം റാങ്ക് നേടി. മാർക്ക്ലിസ്റ്റുകൾ ഒക്ടോബർ 20-നകം സി.എ.സി.ഇ.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റ് ഹാജരാക്കി കൈപ്പറ്റണം.

## ക്ലാസ് ഇല്ല

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന എല്ലാ കോഴ്സുകൾക്കും ഒക്ടോബർ ഒമ്പതിന് ക്ലാസ് ഉണ്ടായിരിക്കില്ല.

## ബി.ടെക് ഫലം

കേരള സർകവലാശാല 2015 നവംബറിൽ നടത്തിയ കമ്പയിൻഡ് ഒന്ന്, രണ്ട് സെമസ്റ്റർ ബി.ടെക് (ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി - 2013 സ്കീം) പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 27 വരെ അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ലാബ് : പുതുക്കിയ തീയതി

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ഒക്ടോബർ 17 മുതൽ 19 വരെ നടത്താനിരുന്ന ലാബ് പരീക്ഷകൾ ഒക്ടോബർ 26 മുതൽ 28 വരെയും

ഒക്ടോബർ 20 മുതൽ 24 വരെ നടത്താനിരുന്ന ലാബ് പരീക്ഷകൾ നവംബർ ഒന്ന് മുതൽ മൂന്ന് വരെയും നടത്തും. പരീക്ഷാകേന്ദ്രങ്ങൾക്ക് മാറ്റമില്ല.

**യോഗ സർട്ടിഫിക്കറ്റ് കോഴ്സ് രണ്ടാമത് ബാച്ച് ഇന്ന് (06.10.2016) തുടങ്ങും**

കേരള സർവകലാശാല കാര്യവട്ടം വേദാന്ത പഠനകേന്ദ്രം നടത്തുന്ന യോഗ - സർട്ടിഫിക്കറ്റിന്റെ രണ്ടാമത് ബാച്ച് ഒക്ടോബർ ആറ് വൈകുന്നേരം അഞ്ച് മണിക്ക് പാളയം സനറ്റ് ഹാളിൽ തുടങ്ങും.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
05.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ


**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**